# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1847 07.12.2015-ന് മറുപടി നൽകേണ്ടത്

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

**ചോദ്യം** **ഉത്തരം**

ശ്രീ. മോൻസ് ജോസഫ് എം.എൽ.എ ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടറിയേറ്റിൽ 2015 ഏപ്രിൽ മുതൽ 2015 ഒക്ടോബർ 31 വരെ അസിസ്റ്റൻറ് മുതൽ മുകളിലോട്ട് എത്ര ജീവനക്കാർ പെൻഷനായിട്ടുണ്ട്. ജീവനക്കാരുടെ വിരമിക്കൽ, പ്രമോഷൻ എന്നിവ കാരണം പ്രസ്തുത കാലഘട്ടത്തിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ എത്ര തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്തിട്ടുള്ള ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ; | (എ) | പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ 3 പേരും സെക്ഷൻ ഓഫീസർ തസ്തികയിൽ 8 പേരും അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ 51 പേരും ഉൾപ്പെടെ മൊത്തം 62 പേർ വിരമിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് മുതൽ മുകളിലക്കുള്ള തസ്തികയിൽ 17 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് മുതൽ മുകളിലേക്ക് 14 ജീവനക്കാർ വിരമിച്ചിട്ടുണ്ട്.<br>പൊതുഭരണ വകുപ്പിൽ വിരമിക്കൽ മുഖേന അസിസ്റ്റന്റ് തസ്തികയിൽ 50 വേക്കൻസികൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിരമിക്കൽ മുഖേന അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ 24 വേക്കൻസികൾ 28.02.2015-ലെ 63215/എസ്.എ 2/2014/പൊഭവ നമ്പർ കത്ത് മുഖേന ആന്റിസിപ്പേറ്ററിയായി റിപ്പോർട്ട് ചെയ്തിരുന്നു. 2 വേക്കൻസികൾ കൂടി പിന്നീട് 13.07.2015-ലെ 46023/എസ്.എ 2/2015/ പൊഭവ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ മുഖേന ഉണ്ടായ 11 വേക്കൻസികളും 2 എൻ.ജെ.ഡി വേക്കൻസികളും 24.08. 2015-ലെയും 14.10.2015-ലെയും 46776/എസ്.എ 2/ 2015/പൊഭവ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിരമിക്കൽ മുഖേന ഉണ്ടായ 13 വേക്കൻസികൾ 16.10.2015-ലെ 67141/എസ്.എ 2/2015/പൊഭവ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ജീവനക്കാരുടെ വിരമിക്കൽ, പ്രൊമോഷൻ, അകാലമരണം എന്നിവ മൂലം 52 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.<br>ധനകാര്യ വകുപ്പിൽ ഈ കാലയളവിൽ 20 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. അവ 29.04.2015, 26.06.2015 എന്നീ തീയതികളിലെ 5107/ഭരണം-എ 3/2015/ധന കത്ത് പ്രകാരം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ വിരമിക്കൽ മൂലമുണ്ടായ ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി 2014 ജൂണിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഫയൽ നം.57981/ഭരണം-എ 3/2014/ധന തീയതി 01.07.2014).<br>നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റിന്റെ 16 അപ്രതീക്ഷിത ഒഴിവുകളിലേക്ക് 31.12.2014-ലെ 26831/ഭരണ II (2)/2014/നിയമം ഫയൽ പ്രകാരം |

| | | | |
|---|---|---|---|
| | | | പി.എസ്.സിക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പെൻഷൻ തസ്തികകളിലേക്ക് പ്രൊമോഷൻ മുഖാന്തിരം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്). |
| (ബി) | ഈ കാലയളവിൽ അസിസ്റ്റൻറ് നിയമന ഒഴിവുകൾ ഒഴിച്ചിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ടി കാലയളവിൽ സെക്രട്ടറിയേറ്റിൽ നിന്നും എത്ര ജീവനക്കാർ ഡെപ്യൂട്ടേഷനിൽ മറ്റ് വകുപ്പുകളിലേക്ക് പോയിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ ഒഴിച്ചിടാൻ തീരുമാനിച്ചിട്ടുണ്ടോ; നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നൽകാമോ. | (ബി) | ഈ കാലയളവിൽ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ 15 പേർ ഡെപ്യൂട്ടേഷനിൽ മറ്റ് വകുപ്പുകളിൽ പ്രവേശിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷനിൽ നിന്നും തിരികെ വന്നവർ മുഖേന ഈ ഒഴിവുകൾ നികത്തപ്പെട്ട് വന്നതിനാൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും 9 പേർ ഡെപ്യൂട്ടേഷനിൽ മറ്റ് ബോർഡുകൾ/ കോർപ്പറേഷൻ എന്നിവയിലേക്ക് പോയിട്ടുണ്ട്. ഈ ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസർ തസ്തികയിൽ നിന്നും 32 പേർ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട് ഈ ഒഴിവുകൾ ഉദ്യോഗക്കയറ്റം വഴി നികത്തിയിട്ടുണ്ട്. അണ്ടർ സെക്രട്ടറി മുതൽ അഡീഷണൽ സെക്രട്ടറി വരെ 54 പേർ ഡെപ്യൂട്ടേഷനിൽ മറ്റ് വകുപ്പുകളിലേക്ക് പോയിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ അതത് സമയം തന്നെ നിയമനം നടത്തിയിട്ടുണ്ട്.<br>ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് നിയമന ഒഴിവുകൾ ഒഴിച്ചിടാൻ തീരുമാനിച്ചിട്ടില്ല.. ഈ കാലയളവിൽ ധനകാര്യ വകുപ്പിൽ നിന്നും 6 ജീവനക്കാർ ഡെപ്യൂട്ടേഷനിൽ മറ്റ് വകുപ്പുകളിലേക്ക് പോയിട്ടുണ്ട്. ഈ ഒഴിവുകളിൽ 3 എണ്ണം അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേനയും ഒരെണ്ണം തസ്തികമാറ്റം മുഖേനയും നികത്തിയിട്ടുണ്ട്. ഒരെണ്ണം സൂപ്പർ ന്യൂമററിയായുള്ള ആശ്രിത നിയമനം റെഗുലറൈസ് ചെയ്യുന്നതിനും ഒരെണ്ണം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഒഴിവുകൾ ഒഴിച്ചിടാൻ തീരുമാനിച്ചിട്ടില്ല. ഇക്കാലയളവിൽ 35 ജീവനക്കാർ മറ്റ് വകുപ്പുകളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താത്ക്കാലിക അടിസ്ഥാനത്തിൽ എട്ടു ലീഗൽ അസിസ്റ്റന്റുമാർക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ